പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.252

28.11.2018 ൽ മറുപടിയ്ക്ക്

## ഓട്ടിസം ബാധിതർക്കായുള്ള പദ്ധതികൾ

ചോദ്യം

ശ്രീ.വി. അബ്ദുറഹിമാൻ

,, കെ. ബാബു

,, ഡി.കെ. മുരളി

,, എം. രാജഗോപാലൻ

മറുപടി

കെ.കെ.ശൈലജ ടീച്ചർ

(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ) ഓട്ടിസം ബാധിതരുടെ ഉന്നമനത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; | (എ) കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന ഭിന്നശേഷിക്കാരായ കുട്ടികളുടെ ഉന്നമനത്തിനും പുനരധിവാസത്തിനുമായി താഴെ പറയുന്ന പദ്ധതികൾ നടത്തി വരുന്നു. ഇതിൽ ഓട്ടിസം ബാധിതരെയും പരിഗണിക്കുന്നു.<br>1. 12 വയസ്സിന് താഴെ പ്രായമുള്ള ഗുരുതര ഭിന്നശേഷിയുള്ള ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായി മാനദണ്ഡങ്ങൾക്ക് വിധേയമായി 20,000/- രൂപ സ്ഥിര നിക്ഷേപമായി നൽകി വരുന്നു. 50 ശതമാനമോ അതിൽ കൂടുതലോ ഭിന്നശേഷിയുള്ളതും പ്രതിവർഷം 100000/- രൂപയിൽ താഴെ വരുമാനമുള്ള കുട്ടികൾക്കുമാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നത്.<br>2. മാനസിക വൈകല്യമുള്ള 14 വയസ്സുമുതൽ പ്രായമുള്ള കുട്ടികളുടെ രക്ഷിതാക്കൾക്ക് സ്വയംതൊഴിൽ വായ്പ നാമമാത്ര പലിശ നിരക്കിൽ നൽകുന്നു.<br>**നിബന്ധനകൾ**<br>1. കേരളത്തിൽ സ്ഥിരതാമസക്കാരനും, 1,00,000/- രൂപയിൽ താഴെ വാർഷിക വരുമാനമുള്ളവരുമായിരിക്കണം.<br>2. 40% മോ അതിന് മുകളിലോ ഭിന്നശേഷിത്വം ഉണ്ടായിരിക്കണം.<br><br>ഓട്ടിസം ബാധിതരുടെ ഉന്നമനത്തിനായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ "സ്പെക്ട്രം" എന്ന പേരിൽ ഒരു സമഗ്ര പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നു.<br>കൂടാതെ ഓട്ടിസം ബാധിതരായ മുതിർന്നവർക്കായി Assisted Living Home ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

| | |
|---|---|
| (ബി) ഓട്ടിസം ബാധിതരുടെ സമഗ്ര പുരോഗതിയ്ക്കായി നടപ്പിലാക്കിയിട്ടുള്ള സ്പെക്ട്രം പദ്ധതിയുടെ വിശദാംശം നൽകുമോ ; | (ബി) കേരള സാമൂഹ്യ സുരക്ഷാ മിഷൻ 2018-19 മുതൽ ഓട്ടിസം കുട്ടികൾക്കായി ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്ന സമഗ്ര പദ്ധതിയാണ് സ്പെക്ട്രം (SPECTRUM). ഈ പദ്ധതിയിലൂടെ ഓട്ടിസം സ്ക്രീനിംഗ്, അനുയോജ്യമായ ഇടപെടൽ പ്രവർത്തനങ്ങൾ, ആധുനിക തെറാപ്പി സൗകര്യങ്ങൾ, ഓട്ടിസം മേഖലയിലെ പഠനങ്ങളും ഗവേഷണങ്ങളും, രക്ഷിതാക്കൾക്കുള്ള പരിശീലനം, ഈ രംഗത്ത് പ്രവർത്തിക്കുന്ന ഡോക്ടർമാർ ഉൾപ്പെടെയുള്ളവർക്ക് വിദഗ്ധ പരിശീലനം, വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി ഓട്ടിസം കുട്ടികളുടെ ആശയ വിനിമയ ക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള സംവിധാനങ്ങൾ വികസിപ്പിക്കലും ലഭ്യമാക്കലും, ഓട്ടിസം കുട്ടികളുടെ നൈപുണ്യ വികസനം തുടങ്ങിയവയാണ് നടപ്പാക്കാൻ ലക്ഷ്യമിടുന്നത്. |
| (സി) ഓട്ടിസം ബാധിച്ച കുട്ടികൾക്കുള്ള സേവനം മെച്ചപ്പെടുത്താനും തെറാപ്പി സെന്ററുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനും എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (സി) ഓട്ടിസം ബാധിച്ച കുട്ടികൾക്കുള്ള സേവനം മെച്ചപ്പെടുത്താനും, തെറാപ്പി സെന്ററുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനും ഉൾപ്പെടെയുള്ള വിവിധ സമഗ്ര പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ള സ്പെക്ട്രം പദ്ധതിയ്ക്ക് 2018-19-ൽ 3,99,64,100/- രൂപ അനുവദിച്ചിട്ടുണ്ട് |
| (ഡി) ഓട്ടിസം ബാധിച്ച കുട്ടികളുടെ അഭിരുചി വർദ്ധിപ്പിക്കുന്നതിന് രക്ഷിതാക്കളെ കൂടി ഉൾപ്പെടുത്തിക്കൊണ്ട് ഓട്ടിസം ക്ലബ്ബ് രൂപീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ഡി) ഓട്ടിസം ബാധിച്ച കുട്ടികളുടെ അഭിരുചി വർദ്ധിപ്പിക്കുന്നതിന് രക്ഷിതാക്കളെ കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള നൈപുണ്യ വികസന പരിപാടി സ്പെക്ട്രം പദ്ധതിയുടെ ഭാഗമായി പൈലറ്റായി നടപ്പാക്കുന്നതാണ്.<br>ഈ പരിപാടി ഓട്ടിസം കുട്ടികളുടെ രക്ഷിതാക്കളുടെ സംഘടനകളുമായി സഹകരിച്ച് നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. 10 നും 24 നും വയസ്സിന് ഇടയിലുള്ള കുട്ടികൾക്കാണ് നൈപുണ്യവികസന പരിപാടി നടപ്പാക്കുന്നത്. കമ്പ്യൂട്ടർ അധിഷ്ഠിത തൊഴിൽ പരിശീലനം, ജുവല്ലറി നിർമ്മാണം, കരകൗശല വസ്തുക്കൾ, ബ്ലോക്ക് പ്രിന്റിംഗ് , സ്ക്രീൻ പ്രിന്റിംഗ്, എൽ.ഇ.ഡി ബൾബ് നിർമ്മാണം തുടങ്ങിയവയിലാണ് ആദ്യഘട്ടമായി പരിശീലനം നൽകുന്നത്. |
| (ഇ) ഓട്ടിസം ബാധിതരായവരെ തൊഴിൽ സജ്ജരാക്കുന്നതിന് പുതിയ പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ഇ) ഓട്ടിസം ബാധിതരായവരെ തൊഴിൽ സജ്ജരാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഇവർക്കുള്ള നൈപുണ്യ വികസനപരിപാടി സ്പെക്ട്രം പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്നത്. |

സെക്ഷൻ ഓഫീസർ